# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 578

12.06.2012-ൽ മറുപടിക്ക്.

## വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ദേശീയ ഉൽപ്പാദന നയത്തിന്റെ ഭാഗമായി നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ടറിങ്ങ് സോണുകൾ (NIMZ) നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപനത്തെ തുടർന്ന് കേരളത്തിലെ നാലു ജില്ലകൾ ഉൾപ്പെടുത്തി കൊച്ചി - പാലക്കാട് NIMZ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായിക ഇടനാഴി പ്രദേശത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) ആയതു സംബന്ധിച്ച് പദ്ധതി റിപ്പോർട്ട് തയ്യാറായിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) ഇതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 5200 ഹെക്ടർ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) വ്യാവസായിക ഇടനാഴി വികസിപ്പിച്ച് എടുക്കുന്നത് എവിടെയൊക്കെയാണ് എന്ന് അറിയിക്കുമോ ; | (സി) കൊച്ചി പാലക്കാട് NIMZ പദ്ധതി എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലാണ് വിഭാവന ചെയ്തിട്ടുള്ളത്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിക്കുളള നിക്ഷേപം എവിടെ നിന്നെല്ലാം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ.? | (ഡി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന അധികനിക്ഷേപം സ്വകാര്യമേഖലയിൽ നിന്നു കൂടി കണ്ടെത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ